പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3291 25/06/2012 - ൽ മറുപടിക്ക്

## ഉൾനാടൻ മത്സ്യസമ്പത്തിന്റെ ലഭ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ:<br>,, പി. തിലോത്തമൻ:<br>,, ഇ. കെ. വിജയൻ:<br>,, കെ. അജിത്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഉൾനാടൻ ജലസ്രോതസ്സുകളിൽ നിന്നും പ്രതിദിനം എത്ര ടൺ മത്സ്യം ഇപ്പോൾ ലഭിക്കുന്നുണ്ട്; ഇത് മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതലോ കുറവോയെന്ന് വ്യക്തമാക്കുമോ; | (എ) ഉൾനാടൻ ജലസ്രോതസ്സുകളിൽ നിന്നും ഇപ്പോൾ പ്രതിദിനം ശരാശരി 384 ടൺ മത്സ്യം ലഭിക്കുന്നുണ്ട്. ഇത് മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്നു കാണുന്നു. കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ ശരാശരി പ്രതിദിന ഉൾനാടൻ മത്സ്യ ഉൽപാദനം താഴെ കാണിച്ചിരിക്കുന്നു. |

| വർഷം | ഉൽപാദനം ടണ്ണിൽ | പ്രതിദിന ശരാശരി ഉൽപാദനം ടണ്ണിൽ |
|---|---|---|
| 2007-08 | 91085 | 249.55 |
| 2008-09 | 102842 | 281.76 |
| 2009-10 | 116836 | 320.09 |
| 2010-11 | 121215 | 332.09 |
| 2011-12 | 140031 | 383.65 |

| ചോദ്യം | മറുപടി |
|---|---|
| (ബി) ഉൾനാടൻ ജലസ്രോതസ്സുകളിൽ നിന്നുള്ള മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഒരു ബൃഹത് പദ്ധതിയാണ് 'മത്സ്യസമൃദ്ധി'. മൂന്ന് വർഷംകൊണ്ട് ഉൾനാടൻ മത്സ്യോല്പാ |

ദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ നിലവിൽ ഉൾനാടൻ മത്സ്യ മേഖലയിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

മത്സ്യകർഷക വികസന ഏജൻസി മുഖേന ഉൾനാടൻ മത്സ്യകൃഷി കൂടാതെ എല്ലാ ജില്ലകളിലേയും പൊതു ജലാശയങ്ങളിലും ജലസംഭരണികളിലും മത്സ്യവിത്തു നിക്ഷേപിക്കുന്ന സാമൂഹ്യ മത്സ്യകൃഷി പദ്ധതി നടപ്പാക്കി വരുന്നു. ഊന്നിവല, ചീനവല നിയന്ത്രണം, ബാക്ക് വാട്ടർ പട്രോളിംഗ്, അനധികൃത മത്സ്യബന്ധനം തടയൽ തുടങ്ങിയവയി ലൂടെ മത്സ്യസമ്പത്തിന്റെ ക്രമാതീത മായ ചൂഷണം നിയന്ത്രിച്ചു വരുന്നു. കണ്ടൽ വനവൽക്കരണത്തിലൂടെയും ഉൾനാടൻ മത്സ്യസമ്പത്തു വർദ്ധിപ്പി ക്കുന്നു. അഡാക്ക് മുഖേന കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷിക്കു ശേഷം മത്സ്യകൃഷി നടത്തുന്നു. ഒരു നെല്ലും ഒരുമീനും പദ്ധതിയും കോൾ നിലങ്ങളിൽ ആറ്റു കൊഞ്ചു കൃഷിയും നടപ്പാക്കി വരുന്നു. NFDB ധനസഹായ ത്തോടെ മത്സ്യ/ആറ്റുകൊഞ്ചു കൃഷി തെരഞ്ഞെടുത്ത റിസർവോയറുകളിൽ നടപ്പാക്കി വരുന്നു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ആറ്റു കൊഞ്ച്, കരിമീൻ/ചെമ്മീൻ കൃഷിയും കൂടുകളിലെ മത്സ്യകൃഷിയും വിവിധ ജില്ലകളിൽ നടപ്പിലാക്കിക്കൊണ്ടിരി ക്കുന്നു.

പതിമൂന്നാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടുകൂടിയുള്ള കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൂടുകളിലെ മത്സ്യകൃഷി, Pen culture, സാങ്ച്വറി കൾ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കി വരുന്നു. കേരളത്തിലെ ലഭ്യമായ ജല സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വൈവിധ്യമാർന്ന ജലകൃഷി സമ്പ്രദായ ങ്ങൾ വഴി മത്സ്യകൃഷിയും, മത്സ്യ സമ്പത്തും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യ ത്തോടെ മത്സ്യകേരളം പദ്ധതിയും നടപ്പാക്കിയിരുന്നു.

Reji Rajendran
സെക്ഷൻ ഓഫീസർ